## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം:1699** 14/08/2017 **ൽ മറുപടിയ്ക്ക്**

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ചികിത്സാ ധനസഹായം ലഭിക്കുന്നതിനുള്ള കാലതാമസം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. സി. കൃഷ്ണൻ** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ചികിത്സാ ധനസഹായം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ? | (എ) ധനസഹായ വിതരണത്തിലെ കാലതാമസം ഒഴിവാക്കാൻ ഇപ്പോൾ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ഫണ്ട് ജില്ലാ കളക്ടർക്ക് നൽകുന്നതിനു പകരമായി താലൂക്ക് അടിസ്ഥാനത്തിൽ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിലേയ്ക്ക് അനുവദിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ധന സഹായവിതരണം കഴിയുന്നത്ര വേഗത്തിലാക്കാൻ തുക അനുവദിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ് ജില്ലാ കളക്ടർക്ക് നൽകുന്നതിനോടൊപ്പം ബന്ധപ്പെട്ട തഹസിൽദാർമാർക്കും ഇപ്പോൾ സർക്കാരിൽ നിന്നും നൽകി വരുന്നു. അനുവദിക്കുന്ന തുക അടിയന്തിരമായി വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട് |

**സെക്ഷൻ ഓഫീസർ**